മാണി (ധനകാര്യ നിയമ വകപ്പുമന്ത്രി) നേരിടുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ താഴെപ്പറയുന്ന മന്ത്രിമാർ വിജിലൻസ് അന്വേഷണങ്ങൾ നേരിടുന്നുണ്ടായിരുന്നു:

1. ശ്രീ. പി. കെ. കഞ്ഞാലിക്കുട്ടി (വി.ഇ.2/2011/എസ്.സി.കെ.)

2. ശ്രീ. സി. എൻ. ബാലകൃഷ്ണൻ (വി.ഇ.7/2009/തൃശ്ശൂർ)

3. ശ്രീ. എം. കെ. മുനീർ (വി.ഇ.26/2008/എൻ.ആർ.കെ.)

4. ശ്രീ. ആര്യാടൻ മുഹമ്മദ് (വി.ഇ.2/2011/എസ്.സി.കെ.)

ശ്രീ. അട്ടൂർ പ്രകാശിനെതിരെയും ശ്രീ. എം. കെ. മുനീറിനെതിരെയും ശ്രീ. പി. ജെ. ജോസഫിനെതിരെയുമുള്ള വിജിലൻസ് കേസുകൾ അവശേഷിക്കുന്നു.

(സി) മന്ത്രിമാർ ഉൾപ്പെട്ട വി.സി.1/97/എസ്.സി.റ്റി. (പാമോലിൻ കേസ്) പിൻവലിക്കാൻ G.O.(Rt)145/2013/Vig തീയതി 13-9-2013 പ്രകാരം ഉത്തരവ് ആയിരുന്നു. എന്നാൽ ഇത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

**പോലീസ് ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ അന്വേഷണ പരിശീലനം**

267 (269) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ കുറ്റാന്വേഷണത്തിൽ മനുഷ്യത്വരഹിതമായ പെരുമാറ്റങ്ങൾ പലപ്പോഴും ഉണ്ടാകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്വേഷണ ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ അന്വേഷണ രീതികളെപ്പറ്റി മതിയായ അറിവില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ അന്വേഷണ രീതികളെക്കുറിച്ച് മതിയായ പരിശീലനം നൽകാറുണ്ടോ ; ഇല്ലായെങ്കിൽ പ്രസ്തുത വിഷയം പരിഗണിക്കുമോ ;

(ഡി) കേരള പോലീസ് ആക്ട് നടപ്പാക്കുന്നതിൽ എന്തെങ്കിലും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) പ്രസ്തുത ആക്ടിൽ പ്രതിപാദിപ്പിക്കുന്ന തരത്തിലാണോ ഉദ്യോഗസ്ഥരുടെ പെരുമാറ്റമെന്ന് വിലയിരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലായെങ്കിൽ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പോലീസ് ട്രെയിനിംഗ് കോളേജിൽ പോലീസുദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി ശാസ്ത്രീയമായ കുറ്റാന്വേഷണ രീതികളെപ്പറ്റി പരിശീലനം നൽകിവരുന്നുണ്ട്. കൃത്യസ്ഥലത്തുനിന്ന് ശാസ്ത്രീയമായ രീതിയിൽ തെളിവുകൾ ശേഖരിക്കുന്നതിനെക്കുറിച്ചും അവയെ കണ്ടെത്തി പ്രത്യേകം പായ്ക്ക് ചെയ്ത് സൂക്ഷിക്കുന്നതിനെക്കുറിച്ചുമുള്ള ശാസ്ത്രീയമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ ആത്മഹത്യ, കൊലപാതകം, അസ്വാഭാവിക മരണം എന്നിവയുമായി ബന്ധപ്പെട്ട കുറ്റാന്വേഷണത്തിൽ എഫ്.എസ്.എൽ., ഫിംഗർ പ്രിന്റ് ബ്യൂറോ, മെഡിക്കൽ കോളേജിലെ ഫോറൻസിക് മെഡിസിൻ വിഭാഗം എന്നിവിടങ്ങളിലെ വിദഗ്ധരെകൊണ്ട് പോലീസ് ഉദ്യോഗസ്ഥർക്കായി പി.റ്റി.സി.യിൽ പരിശീലനം നൽകിവരുന്നുണ്ട്. എസ്.ഐ.മാരുടെ പുതുക്കിയ സൈബർ സിലബസിൽ , ഫോറൻസിക്, ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ ക്രിമിനോളജി, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തുടങ്ങിയവയിൽ ആധുനിക രീതിയിലുള്ള പരിശീലനം നൽകിവരുന്നു.

(ഡി & ഇ) ജി.ഒ.(ആർ. ടി.) നമ്പർ 166/11/ആഭ്യന്തരം തീയതി 18-1-2011 പ്രകാരം കേരള പോലീസ് ആക്ട് 2011-ന് മേൽ ഡ്രാഫ്റ്റ് റൂൾസ് തയ്യാറാക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ രൂപീകരിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രസ്തുത കമ്മിറ്റി ഡ്രാഫ്റ്റ് റൂൾസ് സമർപ്പിക്കാത്തതിനാൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചുവരുന്നു.

**റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ചികിത്സ**

268 (270) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽ മരണമടയുന്നവരിൽ ഏറെയും പേർ സമയത്ത് ആശുപത്രിയിൽ എത്തിക്കാതെ ചികിത്സ കിട്ടാത്തത് മൂലമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് ആഭ്യന്തര - ഗതാഗത വകുപ്പുകൾ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?